# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3736

23.08.2017 ൽ മറുപടിക്ക്

### ഭെൽ (BHEL) പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ. എസ്. ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീമതി. സി. കെ. ആശ. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ വികസനത്തിന് ഏറെ പ്രതീക്ഷ നൽകി ആരംഭിച്ച കാസർഗോഡ് BHEL ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്, സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാ ക്കുമോ; | (എ) | 12.06.2017 ൽ ഈ സ്ഥാപനത്തെ സംസ്ഥാനം ഏറ്റെടുക്കാനുള്ള തീരുമാനത്തിന്മേൽ സംസ്ഥാന സർക്കാരിന് പരസ്പരസമ്മതപ്രകാരമുള്ള വിലയ്ക്ക് ഓഹരികൾ വിൽക്കാൻ കേന്ദ്രസർക്കാരിലെ ഘനവ്യവസായ പബ്ലിക് എന്റർപ്രൈസസ് മന്ത്രാലയം തീരുമാനിച്ചതായി കേന്ദ്രസർക്കാർ 26.07.2017 ലെ കത്ത് മുഖാന്തിരം BHEL നെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനമായിരുന്ന കെൽ ഏറ്റെടുത്ത്, BHEL ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സംയുക്ത സംരംഭമായതോടെ വികസനത്തിന്റെ പുതുയുഗം പ്രതീക്ഷിച്ച സ്ഥാനത്ത്, BHEL ഇ.എം.എൽ. നഷ്ടത്തിലാണെന്ന് പറയുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | BHEL സംസ്ഥാന വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനം അല്ലാത്തതിനാൽ ഈ യൂണിറ്റിന്റെ അവലോകനം ചെയ്തിട്ടില്ല. അവരുടെ റിപ്പോർട്ട് അനുസരിച്ച് ഉൽപ്പന്നങ്ങൾ വിപണിയിൽ സമയോചിതമായി എത്തിക്കുന്നതിന് കമ്പനിയ്ക്ക് കഴിഞ്ഞിട്ടില്ല. കമ്പനിയുടെ മുഖ്യമാർക്കറ്റ് ഇന്ത്യൻ റെയിൽവേയാണ്. മലിനീകരണ നിബന്ധനകൾ 2014 - 15 കമ്പനിയുടെ മാർക്കറ്റിനെ വളരെ ഗുരുതരമായി ബാധിച്ചു. |
| (സി) | ഈ സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ? | (സി) | സംസ്ഥാനത്തെ വ്യവസായ താല്പര്യവും തൊഴിലാളികളുടെ താല്പര്യവും മുന്നിൽ കണ്ട് ഈ സ്ഥാപനത്തെ ഏറ്റെടുക്കുവാൻ 12.06.2017 ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ